ഉത്തരം

(എ) തടയണകളുടെ നിർമ്മാണ പ്രവൃത്തികൾ സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ മുടങ്ങിയിട്ടില്ല. എന്നാൽ ബില്ലുകൾ യഥാസമയം നൽകാത്തതുമൂലം പണികൾക്ക് കാലതാമസം ഉണ്ടായിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ ഫണ്ട് നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇറിഗേഷൻ വകുപ്പിന്റെ സ്ഥലം ടൂറിസം പദ്ധതിക്ക്

179 (871) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ റസ്റ്റ് ഹൗസിനോട് ചേർന്നുള്ള ഇറിഗേഷൻ വകുപ്പിന്റെ സ്ഥലം ടൂറിസം പദ്ധതിക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് ഇറിഗേഷൻ വകുപ്പിൽ ഏതെല്ലാം ഫയലുകൾ നിലവിലുണ്ട് ; ഇവയുടെ നിലവിലെ സ്ഥിതി എന്താണ് ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്ഥലം ടൂറിസം വകുപ്പിന് കൈമാറുന്നതിനുള്ള തടസ്സങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ വിഷയം സംബന്ധിച്ച് പദ്ധതി വിഭാഗം I ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഇ 4-105/14 നമ്പർ ഫയലും, പ്രോജക്ട് സർക്കിൾ, കണ്ണൂർ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ A3-332/2014 എന്ന ഫയലും, കെ.ആർ.പി. ഡിവിഷൻ കല്പറ്റ ഓഫീസിൽ A4-221/14 നമ്പർ ഫയലും നിലവിലുണ്ട്.

(സി) പ്രസ്തുത സ്ഥലത്ത് കാരാപ്പുഴ ജലസേചന പദ്ധതിയുടെ ക്വാർട്ടേഴ്സുകളും ഓഫീസുകളും സ്ഥിതിചെയ്യുന്നു. ഇക്കാരണങ്ങളാൽ ഈ സ്ഥലം ടൂറിസം വകുപ്പിന് കൈമാറുന്നതിന് ബുദ്ധിമുട്ടുണ്ട്.

ഇറിഗേഷൻ പ്രോജക്ടുകളുടെ സ്ഥലം സൗരോർജ്ജ ഉല്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിന് വിട്ടുകൊടുക്കൽ

180 (872) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പെരിയാർവാലി ഉൾപ്പെടെയുള്ള ഇറിഗേഷൻ പ്രോജക്ടുകളുടെ സ്ഥലം സൗരോർജ്ജ ഉത്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിന് വിട്ടുകൊടുത്തുകൊണ്ട് ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly